**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6782** **11-07-2024 - ൽ മറുപടിയ്ക്ക്**

**കടമക്കുടി വില്ലേജ് ഓഫീസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി വില്ലേജ് ഓഫീസിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയത് എന്നാണെന്നും, അനുവദിച്ച തുക എത്രയാണെന്നും, നിർവ്വഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി വില്ലേജ് ഓഫീസിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയത് 25-02-2021 തീയതിയിലെ സ.ഉ (സാധാ) നം.118/2021/പി&ഇഎ നമ്പർ ഉത്തരവ് പ്രകാരമാണ്. പ്രസ്തുത നിർമ്മാണ പ്രവൃത്തിയ്ക്കായി അനുവദിച്ച തുക 44 ലക്ഷം രൂപയും നിർവ്വഹണ ഏജൻസി സംസ്ഥാന നിർമ്മിതി കേന്ദ്രവുമാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനം നിലച്ചിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പുനരാരംഭിക്കാൻ സാധിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫണ്ട് ലഭ്യമായില്ലെന്ന കാരണത്താൽ കരാറുകാരൻ ടി നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വച്ചിരുന്നുവെങ്കിലും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം നടത്തി വരുന്ന പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് 06.06.2024 തീയതിയിലെ സ.ഉ (സാധാ)നം.208/2024/പി&ഇഎ പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുള്ളതും പ്ലാസ്റ്ററിംഗ് വർക്കുകൾ നിലവിൽ നടന്നു വരികയുമാണ്. 2024 ഒക്ടോബർ മാസത്തിൽ പ്രസ്തുത വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ